**അടിയന്തരപ്രമേയം**

മി. സ്പീക്കർ: .......(ബഹളം)........ റൂൾ 50. ......(ബഹളം)... റൂൾ 50 എടുക്കണ്ടേ? (...........ബഹളം.........) അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് മടങ്ങിപ്പോകണം. നിങ്ങൾ നൽകിയ നോട്ടീസാണ് പരിഗണിക്കുന്നത്. ശ്രീ. ടി. സിദ്ദീഖിന്റെ നോട്ടീസാണ്. അത് പരിഗണിക്കണമെന്ന് താൽപ്പര്യമുണ്ടെങ്കിൽ അംഗങ്ങൾ അവരവരുടെ സീറ്റുകളിലിരിക്കണം. നിങ്ങൾ തന്ന നോട്ടീസാണ്. .....(ബഹളം)..... സഭാ നടപടികളുമായി സഹകരിക്കണം.

(ബാനറും പ്ലക്കാർഡും ഉയർത്തി പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: സഭാ നടപടികൾ സുഗമമായി നടത്തികൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നു. ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദ് ചെയ്യുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)